(3) കാസർഗോഡ് ജില്ലയിലെ അടയ്ക്ക കർഷകരുടെ ജപ്തി നടപടികൾ ആറ് മാസത്തേക്ക് നിർത്തിവയ്ക്കണമെന്നും വൺടൈം സെറ്റിൽമെന്റിന് അവസരം നൽകണമെന്നുമുള്ള ആവശ്യം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇന്ന് സംസ്ഥാനത്ത് വിലയിടിവ് കാരണം ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ഒരു വിഭാഗമാണ് അടയ്ക്ക കർഷകർ. അടയ്ക്ക കർഷകർ ഇന്ന് വളരെയധികം പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഈ ഗവൺമെന്റ്, അധികാരത്തിൽ വന്നതിനുശേഷം കർഷകർക്ക് ആശ്വാസകരമായ ഒട്ടേറെ നടപടികൾ സ്വീകരിച്ചു. അടയ്ക്ക കർഷകരെ സംബന്ധിച്ചിടത്തോളം ആദ്യമായിത്തന്നെ പാക്കേജ് പദ്ധതിയിൽപ്പെടുത്തി പത്ത് കോടി രൂപ സബ്സിഡി നൽകുവാനും 'കാംപ്കോ' മുഖേന അടയ്ക്ക സംഭരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചു എങ്കിലും വാസ്തവത്തിൽ ഇന്ന് മറ്റു കാർഷിക ഉല്പന്നങ്ങൾക്കെല്ലാം പ്രത്യേകിച്ച് റബ്ബറിനും അതുപോലെതന്നെ നാളികേരത്തിനുമെല്ലാം വില വർദ്ധിച്ചെങ്കിലും ഇന്നും ഏറ്റവുമധികം വിലയിടിവു തുടർന്നുപോകുന്ന ഒരേയൊരു ഉൽപ്പന്നം അടയ്ക്ക മാത്രമാണ്. 100, 150 രൂപയോളം വിലയുണ്ടായിരുന്ന അടയ്ക്കയ്ക്ക് ഇന്ന് 40 രൂപയ്ക്ക് താഴെ മാത്രമാണ് വിലയുള്ളത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ അടയ്ക്ക കർഷകർക്കുവേണ്ടി ഈ ഗവൺമെന്റ് ചില ആശ്വാസ നടപടി സ്വീകരിച്ചെങ്കിലും ഇതുകൊണ്ട് കാര്യമായ പ്രയോജനം ലഭ്യമായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്ത് കോടി രൂപ കർഷകർക്ക് സബ്സിഡി നൽകുവാനും കാംപ്കോ മുഖേന അത് സംഭരിക്കുവാനുമുള്ള തീരുമാനം എടുത്തെങ്കിലും ആദ്യം അഞ്ച് കോടി രൂപ മാത്രമാണ് അതിൽനിന്നും റിലീസ് ചെയ്ത് കൊടുത്തത്. പിന്നീട് അടയ്ക്ക സംഭരണം നിർത്തി. അതേ അവസരത്തിൽ കർഷകരെ സംബന്ധിച്ചിടത്തോളം കാംപ്കോ അവർക്ക് പത്ത് കോടി രൂപ നീക്കിവച്ചെങ്കിലും ബാക്കി തുക അനുവദിക്കുകയുണ്ടായില്ല. അതുകാരണം കർഷകർക്ക് പണംകൊടുക്കാതെ ചീട്ടു കൊടുക്കുകയാണുണ്ടായത്. അതുകൊണ്ട് ഇന്നും ആ പൈസ കിട്ടാതെ കർഷകർ ചീട്ടുമായി വളരെ പ്രയാസം അനുഭവിക്കുകയാണ്. അടയ്ക്ക കൃഷി ഏറ്റവും അധികമുള്ളത് കാസർഗോഡ് ജില്ലയിലാണ്. ഇന്ന് നിരവധി ആളുകളുടെ പണയപ്പെടുത്തിയ സ്വത്തുക്കൾ ലേലം ചെയ്തുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് പ്രാഥമിക സഹകരണസംഘം സെയിൽ ഓഫീസർ 16-5-2005-ന് 11 മണിക്ക് കുമിടാജ് കിട്ടണ്ണറെ, രാമകൃഷ്ണൻ കുമ്മടാജെ, സുബ്ബയ്യ നായിക് അങ്ങനെ നിരവധി ആളുകളുടെ പണയപ്പെടുത്തിയ ഭൂമികൾ ലേലം ചെയ്തു. അവർ വളരെയധികം വേദനിക്കുകയുണ്ടായി. അതിനുശേഷം നിരവധി ലേലനോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുകയും ലേലനടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്. പാവപ്പെട്ടവരോട് വളരെയേറെ നീതികാണിച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എന്നനിലയിൽ, അതുപോലെതന്നെ കർഷകർക്ക് വേണ്ടി ഒട്ടേറെ ആശ്വാസനടപടികൾ സ്വീകരിച്ച ഒരു മുഖ്യമന്ത്രിയും ഗവൺമെന്റും എന്നനിലയിൽ കാസർഗോഡ് ജില്ലയിലെയും സംസ്ഥാനത്തെയും ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ഈ കർഷകരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കണം. അവരുടെ റീടും പറമ്പും ലേലംചെയ്ത് നഷ്ടപ്പെട്ടുപോയി; അവരുടെ കുടുംബം വഴിയാധാരമായി. അതുകൊണ്ട് അവരുടെ വികാരങ്ങൾ മാനിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. കർണ്ണാടക ഗവൺമെന്റ് ഒട്ടേറെ പലിശ ഇളവ് ചെയ്തു. അതുപോലെതന്നെ ഈ ഘട്ടത്തിൽ അടയ്ക്ക സംഭരണം ആഗസ്റ്റ് 31 വരെ നീട്ടുവാനും, അടയ്ക്കയ്ക്ക് സബ്സിഡി നല്കുവാനും നടപടി സ്വീകരിക്കണം. അവർക്ക് കാംപ്കോ ആ ഫണ്ട് മുഴുവനും റിലീസ് ചെയ്യാത്തതുകാരണം ഇനിയും അടയ്ക്ക കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് ആഗസ്റ്റ് 31 വരെ അടയ്ക്ക സംഭരണം തുടരണം. അതുപോലെതന്നെ ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഒ.ടി.എസ്. നടപടികൾ തുടർന്നും ഒരു വർഷത്തെയ്ക്കെങ്കിലും നീട്ടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ ഗവൺമെന്റ് തീരുമാനിച്ച പത്തു കോടി രൂപയുടെ ബാക്കി മുഴുവൻ തുകയും സബ്സിഡിയായി കർഷകർക്ക് നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കർണ്ണാടക ഗവൺമെന്റ് സ്വീകരിച്ചതുപോലെ പലിശയും പിഴപ്പലിശയും ഇളവുചെയ്തുകൊണ്ട് കർഷകരോട് നീതി പാലിക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: അടയ്ക്ക കർഷകർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഒരു കാലഘട്ടമാണ്. ഒന്ന് വിലയിടിവ്, രണ്ട്, കമുകിനെ ബാധിക്കുന്ന രോഗബാധ. കണ്ണൂർ ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ വ്യാപകമായി കമുകിന് മഞ്ഞളിപ്പുരോഗം വന്ന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ രണ്ട് സാഹചര്യങ്ങളിൽ ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക കർഷകരെ വിലത്തകർച്ചയിൽനിന്നും സഹായിക്കുന്നതിനുവേണ്ടി കാംപ്കോ മുഖേന 2005 ഫെബ്രുവരി മുതൽ 2005 മേയ് വരെ കാസർഗോഡ് ജില്ലയിലെ 10619 കർഷകരിൽനിന്ന് 34627 ക്വിന്റൽ അടയ്ക്ക സംഭരിച്ചിട്ടുണ്ട്. അവർ വാങ്ങിയ വായ്പ തിരിച്ചടയ്ക്കാനുള്ള കാലാവധി 17-4-2004 മുതൽ ഒരുവർഷത്തേയ്ക്ക് നീട്ടിവച്ചിരിക്കുകയാണ്. അതിന്റെ കാലാവധി കഴിഞ്ഞു. ആ ബുദ്ധിമുട്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഇവിടെ ശ്രീ. സി. ടി. അഹമ്മദ് അലി രണ്ടു കാര്യങ്ങൾ പറഞ്ഞു. (1) ഈ വായ്പയുടെ കാലാവധി നീട്ടിത്തരണം (2) അടയ്ക്ക സംഭരണം കുറേനാളത്തെയ്ക്കുകൂടി തുടരണം. ഇതു രണ്ടും ഞാൻ പരിശോധിക്കാം. അതിന്റെ സാദ്ധ്യതകളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ച് വേണ്ടത് ചെയ്യാം. കശുമാവ് കൃഷിക്കുണ്ടാകുന്ന രോഗത്തിന്റെ പ്രതിവിധിയെക്കുറിച്ചും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഗവൺമെന്റ് പലവട്ടം സംസാരിച്ചിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയും ഞങ്ങളെല്ലാം അതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയുടെ മലയോര പ്രദേശത്ത് വ്യാപകമായി കശുമാവ് കൃഷി നശിച്ച പ്രദേശങ്ങളിൽ ഐ.സി.എ.ആർ.-ന്റെയും കാർഷിക യൂണിവേഴ്സിറ്റിയുടേയും വിദഗ്ദ്ധരടക്കമുള്ളവരുമായി ഞാൻ പോയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപം ചെയ്തിരിക്കുകയാണ്. ആ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അവിടെ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കും. രോഗം വന്ന കശുമാവ് വെട്ടിമാറ്റി പുതിയവ കൃഷി ചെയ്യുന്നതിനുവേണ്ടി ധനസഹായത്തിനുള്ള സ്കീം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. അതായത് കശുമാവ് കൃഷിക്കാരുടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അതിനു പരിഹാരം കണ്ടെത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കും.

(4) പേരൂർ താലൂക്കിലെ കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുവാനുള്ള കെ.എസ്.ഇ.ബി. യുടെ നീക്കം

ശ്രീ. കെ. അച്ചുതൻ : ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ എഴുതിക്കൊടുത്തത്. ഇത് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിക്കു മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. അങ്ങനെയായിരുന്നെങ്കിൽ അദ്ദേഹം അത് ചെയ്തു തരുമെന്ന് എനിക്ക് പരിപൂർണ്ണ വിശ്വാസമുണ്ട്. ഇവിടെ കർഷകരുടെ ഇലക്ട്രിസിറ്റി ഡിസ്കണക്ട് ചെയ്യാനുള്ള നടപടി തുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് നെൽക്കൃഷിക്കാർക്ക് പരിപൂർണ്ണമായും മറ്റ് കര കർഷകർക്ക് 5 ഏക്കർ വരെയും സൗജന്യമായി ഇലക്ട്രിസിറ്റി നല്കാൻ തീരുമാനിച്ചത്. എന്റെ നിയോജകമണ്ഡലത്തിലാണെങ്കിൽ കര കർഷകരാണ് വളരെക്കൂടുതലുള്ളത്. അവിടെ പത്തും പതിനഞ്ചും ഏക്കർ കൃഷിയുള്ള ആളുകൾ ഒരു ഏക്കറിലാണ് എന്തെങ്കിലും കൃഷി ചെയ്യുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ തമിഴ്നാട്ടിൽ ചെയ്യുന്നതുപോലെ മുഴുവൻ കർഷകർക്കും ഇലക്ട്രിസിറ്റി സൗജന്യമാക്കുമെന്ന് കഴിഞ്ഞ ഗവൺമെന്റിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി കൊഴിഞ്ഞാംപാറയിൽവച്ച് തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പറഞ്ഞതാണ്. നമ്മൾ അധികാരത്തിൽ വന്നു. ഞാൻ അക്കാര്യം പല പ്രാവശ്യം പുണ്ടിക്കാണിച്ചതാണ്. മുഴുവൻ കർഷകർക്കും വൈദ്യുതി സൗജന്യമാക്കുന്ന കാര്യം ആലോചിക്കാമെന്ന് പറഞ്ഞതല്ലാതെ ആലോചിച്ചില്ല എന്നുള്ളതു മാത്രമല്ല ഏഴെട്ട് വർഷമായി ഇലക്ട്രിസിറ്റി ചാർജ്ജ് അവിടെ ഈടാക്കുന്നില്ല. പക്ഷേ ഇപ്പോൾ മുഴുവൻ ആളുകളുടേയും വൈദ്യുതി ഡിസ്കണക്ട് ചെയ്യാനുള്ള ഒരു സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly